(സി) അവർക്ക് എക്സ്പേഞ്ചിലെ ലിസ്റ്റനുസരിച്ച് ഉണ്ടായിരുന്ന ഡിഗ്രിക്കുള്ള മാർക്ക് എത്ര ശതമാനമായിരുന്നു;

(ഡി) ഇവരിൽ ആർക്കൊക്കെ ഫസ്റ്റ് ക്ലാസും ഡിസ്റ്റിംഗ്ഷനും ഉണ്ടായിരുന്നു?

ഉത്തരം

(എ) വൈദ്യുതി ബോർഡിൽ നിന്നും 36 അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) മാരുടെ ഒഴിവുകൾക്ക് 503 ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് തിരുവനന്തപുരം പ്രൊഫഷണൽ ആൻഡ് എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും 24-1-1991-ന് അയച്ചുകൊടുത്തിരുന്നു. ടി ഒഴിവിന് അറിയിച്ചിരുന്ന യോഗ്യത ബി. ടെക് (സിവിൽ) ആയിരുന്നതിനാൽ ഓരോ ഉദ്യോഗാർത്ഥിക്കുമുള്ള മാർക്കിന്റെ ശതമാനം ലിസ്റ്റിൽ കാണിച്ചിട്ടില്ല. മാത്രവുമല്ല ഡിഗ്രി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്യാമെന്നുള്ളതുകൊണ്ട് എല്ലാ രജിസ്ട്രേഷനിലും ക്വാളിഫൈയിംഗ് യോഗ്യതയുടെ മാർക്ക് ഉണ്ടായിരിക്കുകയുമില്ല.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) എ വിഭാഗത്തിന് നൽകിയിട്ടുള്ള ഉത്തരം കണ്ടാലും.

(ഡി) (1) ഫസ്റ്റ് ക്ലാസും ഡിസ്റ്റിംഗ്ഷനും .. 36
(2) ഫസ്റ്റ് ക്ലാസ് ഓണേഴ്സ് .. 22
(3) ഫസ്റ്റ് ക്ലാസ് .. 373
(4) സെക്കൻഡ് ക്ലാസ് .. 69
(5) ക്ലാസ് ഇല്ലാത്തത് .. 3

ദക്ഷിണ മേഖലാ തൊഴിൽ വകുപ്പുമന്ത്രിമാരുടെ സമ്മേളനം

30 [2222] ശ്രീ. കെ. കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദക്ഷിണ ഇൻഡ്യയിലെ അസംഘടിതരായ തൊഴിലാളികളുടെ മിനിമം കൂലി ഏകീകരിക്കുന്നതിന് ദക്ഷിണ മേഖലാ തൊഴിൽ വകുപ്പു മന്ത്രിമാരുടെ സമ്മേളനത്തിൽ തീരുമാനം ഉണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ മിനിമം കൂലി ഏകീകരിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ;

(സി) ഏതെല്ലാം അസംഘടിതരായ തൊഴിലാളികളുടെ മിനിമം കൂലിയാണ് ഏകീകരിക്കുവാൻ തീരുമാനിച്ചിട്ടുള്ളത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ഡി) അസംഘടിതരായ തൊഴിലാളികൾക്ക് മിനിമം കൂലി ഏകീകരിക്കുന്നതിന് സംസ്ഥാന സർക്കാർ ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി-യും സി-യും ഡി-യും) ഉയർന്ന വേതന നിരക്കുകൾ നിലവിലുള്ള സംസ്ഥാനമാണ് കേരളം. ഒരു വ്യവസായത്തിലെ അടിസ്ഥാന വേതനത്തിൽ ഐകരൂപ്യം നിർബന്ധമായും ഉണ്ടാകണം. ക്ഷാമബത്ത അതതു കേന്ദ്രങ്ങളിലെ ജീവിത നിലവാര സൂചികയനുസരിച്ച് ആയിരിക്കണം എന്ന സർക്കാരിന്റെ നിലപാട് കേന്ദ്രഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. കൂടാതെ പരമ്പരാഗത വ്യവസായങ്ങളായ കശുവണ്ടി, ബീഡി, കൈത്തറി, ഓടു നിർമ്മാണം എന്നീ വ്യവസായങ്ങളിൽ നമ്മുടെ സംസ്ഥാനത്ത് ഇന്നു നിലവിലുള്ള ബേസിക് വേതനം ഒരു അടിസ്ഥാനമായി (ബഞ്ച് മാർക്ക്) കണക്കാക്കി ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ ഒരു ഏകീകൃത ബേസിക് വേതനം ഒരു നിശ്ചിത സമയ പരിധിക്കുള്ളിൽ നടപ്പിലാക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇവ നടപ്പിലാക്കുന്നതിനായി മറ്റ് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾക്ക് അടിയന്തിരമായിത്തന്ന കേന്ദ്രഗവൺമെന്റ് വ്യക്തമായ നിർദ്ദേശം കൊടുക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് അപേക്ഷിച്ചിട്ടുണ്ട്.

വ്യവസായ തൊഴിലാളികൾക്ക് ദേശീയ ഉൽസവ ദിനങ്ങളിൽ അവധി

31 [2223] ശ്രീ. ഉമ്മൻചാണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർക്കാർ വ്യവസായ തൊഴിലാളികൾക്ക് ദേശീയ ദിനങ്ങൾക്കും ഉൽസവ ദിനങ്ങൾക്കും കൂടുതൽ അവധി നല്കികൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര ദിവസമാണ് അവധി കൂടുതൽ അനുവദിച്ചിട്ടുള്ളത്;

(സി) ഇതിനെതിരെ ഏതെങ്കിലും സ്വകാര്യ ഉടമകൾ വാങ്ങിയ കോടതി സ്റ്റേ ഇപ്പോഴും നിലവിലുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഈ സ്റ്റേ നീക്കി കിട്ടുന്നതിന് നിയമ നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമോ;

(ഇ) സംസ്ഥാന ഗവൺമെന്റ് ഉടമയിലുള്ള ഏതെങ്കിലും പൊതുമേഖലാ സ്ഥാപനം ഈ തീരുമാനം നടപ്പിലാക്കാതെ ഉണ്ടോ;

(എഫ്) ഉണ്ടെങ്കിൽ പൊതുമേഖലാ സ്ഥാപനങ്ങളെക്കൊണ്ട് സംസ്ഥാന ഗവൺമെന്റ് തീരുമാനം നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-യും ബി-യും) ഉണ്ട്. ദേശീയ അവധി മൂന്നിൽനിന്നും നാലായും ഉൽസവാവധി നാലിൽനിന്നും ഒൻപതായിട്ടുമാണ് വർദ്ധിപ്പിച്ചു നൽകിയിട്ടുള്ളത്.

(സി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly